**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 958** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ചെറുവണ്ണൂർ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ചെറുവണ്ണൂർ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് മൂലം പ്രദേശത്ത് ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ പൊതുമരാമത്ത് വകുപ്പിൻ കീഴിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പാലത്തിന്റെ പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനും, സർവ്വീസ് റോഡുകൾ ടാറിങ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപ്പാലത്തിന്റെ കോഴിക്കോട് ഭാഗത്തു നിന്നും രാമനാട്ടുകര ഭാഗത്തേക്കുള്ള സൈഡ് റോഡ് നിലവിൽ ടാറിങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. രാമനാട്ടുകര ഭാഗത്തു നിന്നും കോഴിക്കോട് ഭാഗത്തേക്കുള്ള സൈഡ് റോഡ് 250 മീറ്റർ ടാറിങ് പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 200 മീറ്റർ ഭാഗം കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് ടാറിങ് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി)** ചെറുവണ്ണൂർ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** 13.08.2026 - ഓടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു

**സെക്ഷൻ ഓഫീസർ**